**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 670 — 01/11/2011 ൽ മറുപടിയ്ക്ക്

## ആയൂർവേദത്തിൽ ഗവേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ആർ.രാജേഷ് | അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ആയൂർവേദത്തിൽ സർക്കാർ തലത്തിൽ നടക്കുന്ന ഗവേഷണ പരിപാടികളെക്കുറിച്ച് വിശദമാക്കുമോ; | (എ) ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ആയൂർവേദ കോളേജിന് കീഴിൽ പ്രവർത്തിക്കുന്ന ഡ്രഗ്സ് സ്റ്റാൻഡേർഡൈസേഷൻ ലാബിൽ ഔഷധസസ്യങ്ങളുടെയും, ഔഷധക്കൂട്ടുകളുടെയും ഗുണനിലവാരം നിജപ്പെടുത്തുന്നതിനുള്ള ഗവേഷണത്തിന്റെ ഭാഗമായി കെമിക്കൽ & ബയോളജിക്കൽ സ്റ്റാൻഡേർഡൈസേഷൻ നടന്നു വരുന്നു. തിരുവനന്തപുരം പൂജപ്പുര ഫാർമോഗ്നസി യൂണിറ്റിന് കീഴിൽ ഔഷധ സസ്യങ്ങളുടെ തിരിച്ചറിയലിനും സംരക്ഷണത്തിനും വേണ്ട ഗവേഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇത് കൂടാതെ ആർത്രൈറ്റിസിനോടനുബന്ധിച്ചുള്ള സന്ധി വേദന, ത്വക്ക്രോഗം, കരൾ രോഗം എന്നിവയ്ക്കുള്ള പുതിയ മരുന്നുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഔഷധയോഗങ്ങൾ, അസംസ്കൃതൗഷധങ്ങൾ എന്നീ മേഖലയിലെ സ്റ്റാൻഡേർഡൈസേഷനുള്ള ഗവേഷണ പരിപാടികളും ഔഷധിയിലും നടന്നുവരുന്നു. |
| (ബി) ആയൂർവേദത്തിൽ ഗവേഷണം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (ബി) ഡ്രഗ്സ് സ്റ്റാൻഡേർഡൈസേഷൻ ലാബിന്റെ വികസനത്തിന് വേണ്ടി കേന്ദ്ര സഹായമായി ലഭിച്ച 75 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ ലാബിന്റെ രണ്ടാമത്തെ നില പണിയുന്നതിനും 35 ലക്ഷം രൂപ ഉപയോഗിച്ച് ഗവേഷണത്തിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാരിന്റെ ധന സഹായത്തോടെ 260 ലക്ഷം രൂപ ചിലവു ചെയ്ത് പുതിയ ഗവേഷണ വിഭാഗം 2009 - 10-ൽ ഔഷധിയിൽ പ്രവർത്തനം ആരംഭിച്ചു. ഔഷധിയുടെ പുതിയ സംരംഭമായ സെന്റർ ഓഫ് എക്സലൻസ് ഫോർ ആയുർവേദിക് ഫാർമസ്യൂട്ടി ക്കൽസിന്റെ ഭാഗമായി R&D വിഭാഗത്തിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിലെ ഗവേഷ ണത്തിനായി ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ | (സി) | ഔഷധിക്ക് ഈ വർഷം ഗവേഷണത്തിനായി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മേഖലയിലെ ഗവേ ഷണ ഫലങ്ങൾ ഇപ്പോൾ ഏത് രീതിയിലാണ് പ്രസിദ്ധീകരി ക്കപ്പെടുന്നത്; ഇതിന് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ആയുർവേദ മെഡിക്കൽ വിദ്യാ ഭ്യാസ വകുപ്പിന് കീഴിലെ ഡ്രഗ് സ്റ്റാൻഡേഡൈസേഷൻ ലാബിലെ ഗവേഷണ ഫലങ്ങൾ സെമിനാറു കളിലും ജേണലുകളിലും പ്രസിദ്ധ പ്പെടുത്തുന്നത് കൂടാതെ മോണോ ഗ്രാഫ് സീരീസായി പ്രസിദ്ധീ കരിക്കുന്നുണ്ട്. ഫാർമോഗ്നസി യൂണിറ്റിന് കീഴിൽ ഔഷധ സസ്യങ്ങളുടെ തിരിച്ചറിയലിനും സംരക്ഷണത്തിനും വേണ്ടി നടത്തുന്ന ഗവേഷണഫലങ്ങൾ ഫാർമോഗ്നസിയോ ആയുർ വേദിക് ഡ്രഗ്സ് ഇൻ കേരള എന്ന ഗ്രന്ഥത്തിലൂടെ പ്രസിദ്ധീ കരിക്കുന്നുണ്ട്. ഇതിന് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല<br><br>ഔഷധിയുടെ ഹൗസ് മാഗസിനായ ഔഷധി സന്ദേശി ലൂടെ ഗവേഷണ ഫലങ്ങൾ ഒന്നൊന്നായി പ്രസിദ്ധീകരിക്കാ നുദ്ദേശിക്കുന്നു. കൂടാതെ ഇന്റർ നാഷണൽ ജേർണലുകളിൽ ഗവേഷണ ഫലങ്ങൾ പ്രസിദ്ധീ കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**